# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 23/09/2021

## യുവാവിനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാൾ അറസ്റ്റിൽ

കൊല്ലം : കളീയിക്കൽ കടപ്പുറത്ത് യുവാവിനെ കുത്തി കൊലപ്പെടുത്താൻ ശ്രമിച്ചയാൾ പോലീസ് പിടിയിലായി. മുണ്ടക്കൽ തിരുവാതിര നഗർ കൊണ്ടേത്ത് തെക്കതിൽ കേശവൻ മകൻ കുഞ്ഞുമോൻ (51) ആണ് പോലീസ് പിടിയിലായത്. അയൽവാസിയായ ഉണ്ണികൃഷ്ണൻ എന്ന യുവാവ് ഇയാളുടെ വീട്ടിന്റെ കതകിൽ തട്ടി വിളിച്ചത് ഇഷ്ടപ്പെടാതിരുന്നതിനാലാണ് ഇയാൾ ആക്രമിച്ചത്. തിങ്കളാഴ്ച വെളുപ്പിന് യുവാവ് ഇയാളുടെ വീടിന്റെ കതകിൽ തട്ടിയതിനെ തുടർന്ന് ഇയാൾ അസഭ്യം വിളിച്ചു കൊണ്ട് പിടിച്ച് തള്ളുകയായിരുന്നു. തറയിൽ വീണ യുവാവിന്റെ കാൽ കമ്പി വടി കൊണ്ട് അടിച്ച് ഒടിച്ചും നെറ്റിയിലും തലയിലും കത്തിവച്ച് കുത്തിയും കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ യുവാവിനെ കൊല്ലം ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് പ്രതിയെ കളീയിക്കൽ കടപ്പുറത്ത് നിന്നും പോലീസ് സംഘം പിടികൂടുകയായിരുന്നു. കൊല്ലം ഈസ്റ്റ് ഇൻസ്പെക്ടർ ആർ. രതീഷിന്റെ നേതൃത്വത്തിൽ എസ്സ്.ഐ മാരായ രജീഷ്, രാജ്മോഹൻ എസ്.സി.പി.ഓ പ്രജേഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ റിമാന്റ് ചെയ്തു.


കുഞ്ഞുമോൻ

## ക്ലാപ്പനയിൽ ക്വാറന്റെൻ ലംഘിച്ച് സ്വതന്ത്ര സഞ്ചാരം നടത്തിയ കോവിഡ് രോഗിക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം കേസ്

### ക്വാറന്റെൻ ലംഘനത്തിന് ഇരുപത്തിരണ്ട് പേർക്കെതിരെ നടപടി സ്വീകരിച്ച് കൊല്ലം സിറ്റി പോലീസ്

കൊല്ലം : ക്ലാപ്പന തോട്ടത്തിൽ മുക്ക് സ്വദേശിയും ഇറച്ചികോഴി വ്യാപാരിയുമായ മധ്യവയസ്ക്കനെതിരെ ക്വാറന്റെൻ ലംഘനത്തിന് കേസ് എടുത്തു. കോവിഡ് രോഗബാധിതനായി ഹോംക്വാറന്റെനിൽ കഴിഞ്ഞ് വരവേ സ്വതന്ത്ര സഞ്ചാരം നടത്തിയതിനാണ് പോലീസ് നടപടിയെടുത്തത്. ഇറച്ചിക്കോഴി വ്യാപാരിയായ ഇയാൾ പൊതുജനങ്ങളുമായി സഹവസിച്ചത് കൂടാതെ ആലുപീടികയിലുള്ള ദേശസൽകൃത ബാങ്കിന്റെ ശാഖയിലും അധിക സമയം ചിലവഴിച്ചു. ഇയാളോട് ക്വാറന്റെൻ പാലിക്കാൻ ആരോഗ്യപ്രവർത്തകരും ആശവർക്കറും ആവശ്യപ്പെട്ടത് നിരാകരിച്ചാണ് ഇയാൾ സ്വതന്ത്ര സഞ്ചാരം നടത്തിയത്. പരിസരവാസികളിൽ നിന്നും വിവരം ലഭിച്ച ജനമൈത്രി ബീറ്റ് പോലീസ് ഓഫീസറുടെ നേതൃത്വത്തിൽ ഇയാളെ ഡോമിസിലറി കെയർ സെന്ററിലേക്ക് മാറ്റുകയായിരുന്നു. ഇയാൾക്കെതിരെ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

ഇതുൾപ്പെടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ വിവിധ സ്റ്റേഷനുകളിൽ പകർച്ചവ്യാധി പ്രതിരോധ നിയമ പ്രകാരം ഇരുപത്തിരണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് ക്വാറന്റെൻ ലംഘനം നടത്തിയവരെ ഡോമിസിലറി കെയർ സെന്ററുകളിലേക്ക് മാറ്റി.

കിളികൊല്ലൂർ, ചാത്തന്നൂർ, ശക്തികുളങ്ങര, ഓച്ചിറ, തെക്കുംഭാഗം എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോരുത്തർക്കെതിരെയും, ഇരവിപുരം, പാരിപ്പള്ളി, ചവറ, അഞ്ചാലുമ്മൂട്, കൊട്ടിയം, കണ്ണനല്ലൂർ, പരവൂർ എന്നീ പോലീസ് സ്റ്റേഷനിൽ രണ്ടു പേർക്കെതിരെയും കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ മൂന്ന് പേർക്കെതിരെയുമാണ് പോലീസ് നടപടി സ്വീകരിച്ചത്. ക്വാറന്റെൻ ലംഘനം നടത്തുന്നവർക്കെതിരെ പോലീസ് നടപടി ശക്തിപ്പെടുത്തുമെന്ന് കൊല്ലം സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.